**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 12** **22-07-2021 - ൽ മറുപടിയ്ക്ക്**

**ഇന്ധനവില വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം.കെ . മുനീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇന്ധനവില വർദ്ധനവിനെത്തുടർന്ന് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; | (എ) | പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80%-ഉം 24.52%-ഉം ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08%-ഉം 22.76%-ഉം ആയി കുറച്ചിട്ടുണ്ട്. വികലമായ കേന്ദ്ര നയത്തിന്റെ ഭാഗമായ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധനവ് ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യ സാധനങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇത് ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപ സാധ്യതയേയും ദുർബലപ്പെടുത്തി. കോവിഡിന്റെ കൂടി പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. എന്നാൽ വിലവർദ്ധനവിന്റെ അനന്തരഫലമായ നാണയപ്പെരുപ്പം ഇത്തരം നടപടികൾക്ക് വിഘാതം സൃഷ്ടിച്ചിരിക്കുകയാണ്. |
| (ബി) | മുൻ യു.ഡി.എഫ്. സർക്കാർ അഞ്ച് തവണ നികുതി ഇളവ് നൽകിയതുപോലെ സംസ്ഥാന നികുതിയിൽ ഇളവ് നൽകുന്ന കാര്യം പരിശോധിക്കുമോ; | (ബി) | 2011-16 കാലയളവിൽ പെട്രോളിന്റെ സംസ്ഥാന വിൽപ്പന നികുതി 13 തവണ വർദ്ധിപ്പിക്കുകയും 4 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. മേൽ കാലയളവിൽ ഡീസലിന്റെ സംസ്ഥാന വിൽപ്പന നികുതി 5 തവണ വർദ്ധിപ്പിക്കുയും 2 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2011-ൽ യഥാക്രമം 29.01 |

| | | | |
|---|---|---|---|
| | | | ശതമാനവും 24.69 ശതമാനവും ആയിരുന്നത് 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവുമായി. ഇന്ധന വിലവർദ്ധനവിനനുസരിച്ച് കൂടിയ വിലയിൻമേലുള്ള അധികനികുതി വേണ്ടെന്നു വയ്ക്കുന്ന സാഹചര്യം ഉണ്ടായെങ്കിലും 18-02-2015-ലെ എസ്.ആർ.ഒ. 92/2015 പ്രകാരം പെട്രോളിന്റെ നികുതി നിരക്ക് 31.80% ആയി ഉയർത്തുകയും ഡീസലിന്റേത് 24.52% ആയി നിശ്ചയിക്കുകയുമുണ്ടായി. എന്നാൽ കഴിഞ്ഞ സർക്കാർ അധികാരമേറ്റശേഷം 01-06-2018 മുതൽ പെട്രോളിന്റെ നികുതി നിരക്ക് 30.08% ആയും ഡീസലിന്റേത് 22.76% ആയും കുറയ്ക്കുകയാണ് ചെയ്തത്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് കുറയുന്നതാണ്. |
| (സി) | പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിനെത്തുടർന്ന് സർക്കാരിനുണ്ടാകുന്ന വരുമാനത്തിൽ ഒരു ഭാഗം സാധാരണക്കാരെ സംരക്ഷിക്കുന്നതിനായി ചെലവഴിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കോവിഡിന്റെ കൂടി പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിനും സാധാരണക്കാരെ സഹായിക്കുന്നതിനുമായി സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. എന്നാൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിന്റെ അനന്തരഫലമായ നാണയപ്പെരുപ്പം ഇത്തരം നടപടികൾക്ക് വിഘാതം സൃഷ്ടിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ